പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 618

24.5.2017 ൽ
മറുപടിക്ക്

## രാഷ്ട്രീയ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. എ.എൻ. ഷംസീർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് ഉദ്യോഗസ്ഥർ ജനസൗഹൃദപരമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ മുഖ്യമന്ത്രി നടത്തിയ ഇടപെടലിന്റെ ഫലം വിലയിരുത്തിയിട്ടുണ്ടോ; | എ) വിലയിരുത്തിയിട്ടുണ്ട്. ഒരു ജനസൗഹൃദപരമായ പോലീസിംഗ് സമ്പ്രദായത്തിലേയ്ക്ക് സംസ്ഥാനത്തെ പോലീസ് സേനയെ മാറ്റുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരളത്തിലെ 267 പോലീസ് സ്റ്റേഷനുകളിൽ നിലവിലുണ്ടായിരുന്ന ജനമൈത്രി പോലീസിംഗ് സംവിധാനം കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു .<br><br>മുഖമന്ത്രി നടത്തിയ റേഞ്ച് ലെവൽ മീറ്റിംഗുകളിൽ എസ്.എച്ച്.ഒ. മുതലുള്ള പോലീസ് ഉദ്യോഗസ്ഥർ പങ്കെടുക്കുകയും 2017 ൽ പോലീസ് മുൻഗണന നൽകേണ്ട വിഷയങ്ങൾ സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങളിൽ എല്ലാ പോലീസ് ഓഫീസർമാരും ഉദ്യോഗസ്ഥരും അവരുടെ ഉത്തരവാദിത്വം സംബന്ധിച്ച് ബോധവന്മാരായി- രിക്കേണ്ടതിന്റെയും, പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകത, സ്ത്രീ സുരക്ഷയും, മുതിർന്നവരുടെയും കുട്ടികളുടേയും സുരക്ഷയും സഹായവും ലഭ്യമാക്കുന്നത് സംബന്ധിച്ചും, അധികാര ദുർവിനിയോഗം ചെയ്യാതിരിക്കുന്നതിനും പരാതികൾക്ക് ഇടനൽകാതെ പ്രവർത്തിക്കുന്നതിനും, പെൺകുട്ടികളുടെ സുരക്ഷയ്ക്ക് ഉതകുന്ന രീതിയിലുള്ള കായിക അഭ്യാസങ്ങൾ പരിശീലിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>കസ്റ്റഡി മരണം ഒഴിവാക്കുന്നതിനും, മൂന്നാംമുറ പ്രയോഗിക്കുന്നതിനെതിരെയും, പരാതികൾ സമയബന്ധിതമായി അന്വേഷിച്ച് നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനും ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനും ജനമൈത്രി ബീറ്റ് പോലീസിംഗ് മികവുറ്റതാക്കുവാനും അഴിമതി, ട്രാഫിക് അപകടങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ കുറയ്ക്കുവാനും മറ്റുമായി നാല് റേഞ്ചുകളിലായി സർക്കാർ നടത്തിയ മീറ്റിംഗുകളിൽ നൽകിയ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 5.5.2017 ൽ 10/2017 നമ്പർ എക്സിക്യൂട്ടീവ് ഡയറക്ടീവ്, സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനവും സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്.<br><br>2017-18 ലെ ബഹു. കേരളാ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ടി ഉദ്യോഗസ്ഥ സ്ത്രീകളിൽ നിന്നും പരാതികൾ സ്വീകരിക്കുകയും പരിഹരിക്കാൻ കഴിയുന്നവ അപ്പോൾ തന്നെ പരിഹരിക്കുകയും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അനന്തര നടപടികൾക്കായി കൈമാറുകയും ചെയ്തുവരുന്നു.<br><br>ഇതിന് പുറമെ സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ, കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി രാഷ്ട്രീയ ലക്ഷ്യത്തോടെയും വ്യക്തിപരമായ | ബി) | സംസ്ഥാന പോലീസ് സേന വ്യക്തി രാഷ്ട്രീയ താല്പര്യത്തോട് കൂടി പ്രവർത്തിക്കുന്നില്ല. നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് അനുസൃതമായി സ്വതന്ത്രവും നീതിപൂർവ്വകവുമായ |

| | | | |
|---|---|---|---|
| | താൽപര്യത്തോടെയും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കാൻവേണ്ട കർശന നിർദ്ദേശം നൽകുമോ; | | ഒരു പോലീസ് സംവിധാനമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. പൂർണ്ണമായും ജനസൗഹൃദസേനയായി, പക്ഷപാതം ഇല്ലാതെയും പ്രലോഭനങ്ങളിൽ വഴങ്ങാതെയുമാണ് പോലീസ് പ്രവർത്തിച്ചുവരുന്നത്. അഴിമതി ഇല്ലാതാക്കുക, ജനങ്ങൾക്ക് പൂർണ്ണമായ സുരക്ഷിതത്വം ഉറപ്പ് നൽകുക എന്നിവ പോലീസിന്റെ കർത്തവ്യമാണ്. |
| സി) | പോലീസ് സേനയെ കൂടുതൽ ശക്തിപ്പെടുത്താനായി വനിതാപോലീസ് ഉൾപ്പെടെയുള്ളവരുടെ എണ്ണം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാനായി ഇതുവരെ ചെയ്തിട്ടുള്ള കാര്യങ്ങൾ അറിയിക്കാമോ? | സി) | 2017-18 ലെ ബഹു. കേരളാ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം താലൂക്കടിസ്ഥാനത്തിൽ വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന പോലീസിലെ വനിതാ പ്രാതിനിധ്യം ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 370 വനിതാ പോലീസ് കോൺസ്റ്റബിൾമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 433 (386 പുതിയ തസ്തികകളും 47 എൻ.ജെ.ഡി. ഒഴിവുകളും) വനിതാ പോലീസ് കോൺസ്റ്റബിൾ ഒഴിവുകൾ നിയമന ശിപാർശയ്ക്കായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ